(ബി) ആ പാലത്തിന്റെ പണി ആരംഭിക്കാതിരിക്കാൻ കാരണമെന്ത്;

(സി) കഴിഞ്ഞ വർഷത്തിലെ ബഡ്ജറ്റിൽ പ്രസ്തുത പാലത്തിന്റെ പണിക്കു തുക കൊള്ളിക്കാതിരിക്കാൻ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടില്ലാത്തതുകൊണ്ട്.

(സി) 1954–55-ലെ ബഡ്ജറ്റിൽ ഈ ജോലിക്കായി 10000 രൂപാ കൊള്ളിച്ചിരുന്നു.

വി. ആർ. ഡി. പദ്ധതി.

254. [22] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ആർ. ഡി. പദ്ധതിയിൽ തിരുവല്ലാ സബ്ഡിവിഷനിൽ ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ എത്ര റോഡുകൾ ഉൾപ്പെടുത്തിയിരുന്നു;

(ബി) അതിൽ എത്രയെണ്ണം തീർന്നു;

(സി) ഏതെല്ലാം;

(ഡി) ബാക്കിയുള്ളതെല്ലാം അടുത്തവർഷംകൊണ്ടു പൂർത്തിയാകുമോ?

ഉത്തരം

(എ) 76 റോഡുകൾ.

(ബി) 23 റോഡുകൾ.

(സി) † പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഇപ്പോൾ തീർച്ചപറയുവാൻ നിവൃത്തിയില്ല.

പാലം പണി

255. [24] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടക്കുളം–വിയ്യൂ റോഡിൽ അട്ടക്കുളം പാലത്തിന്റെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(ബി) ആ പാലത്തിന്റെ പണി ഉടനടി ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

† Please See Appendix X.

LIBRARY ARCHIVES Kerala Legislative Assembly